## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2436

05.11.2019 ൽ മറുപടിക്ക്

### സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ദാസൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് കേന്ദ്ര സർക്കാർ വിറ്റഴിച്ചത്; സ്ഥാപനത്തിന്റെ പേര്, വിറ്റഴിച്ച ഓഹരികളുടെ ശതമാനം എന്നിവ പട്ടികയായി ലഭ്യമാക്കാമോ; | (എ) | ലഭ്യമായ വിവരങ്ങളനുസരിച്ച് രാജസ്ഥാനിലെ കോട്ടയിൽ പ്രവർത്തിച്ചു വരുന്ന ഇൻസ്ട്രുമെന്റേഷന്റെ സബ്സിഡിയറി യൂണിറ്റായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിൻെറ മുഴുവൻ ഓഹരികളും, കാസർഗോഡ് പ്രവർത്തിക്കുന്ന BHEL-EML എന്ന സംയുക്ത സംരംഭത്തിൽ BHEL ന്റെ കൈവശമുള്ള 51% ഓഹരികളും, HPCL ന്റെ സബ്സിഡിയറിയായ കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൻെറ മുഴുവൻ ഓഹരികളും വിറ്റഴിക്കാനുള്ള നടപടികളുമായി കേന്ദ്രം മുന്നോട്ട് പോവുകയാണ്. ഇവ മൂന്നും പൊതുമേഖലയിൽ നിലനിർത്താനുള്ള സംസ്ഥാന സർക്കാരിന്റെ നടപടികളും തുടർന്ന് വരുന്നു. |
| (ബി) | സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക ലാഭം പട്ടികയായി നൽകാമോ; | (ബി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷത്തെ വാർഷിക ലാഭ/നഷ്ട കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| നം. | കമ്പനി | 2016-17 ലാഭം/ നഷ്ടം (തുക കോടിയിൽ) | 2017-18 ലാഭം /നഷ്ടം (തുക കോടിയിൽ) | 2018-19 ലാഭം /നഷ്ടം (തുക കോടിയിൽ) |
|---|---|---|---|---|
| 1 | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് | -15.79 | 4.89 | -35.84 |
| 2 | ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് | -5.81 | -7.73 | -6.99 |
| 3 | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) | -64.86 | -114.44 | -135.0 |

**(സി)** കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും, വിപുലീകരണത്തിനും അവ പൊതുമേഖലയിൽത്തന്നെ നിലനിർത്താനും സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിശദമാക്കാമോ?

**(സി)** ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ആസ്തിവില കേരളം തീരുമാനിക്കുകയും ചെയ്ത് സർക്കാർ ഉത്തരവ് G.O(Ms) No.52/2018/ID dated 20/7/2018 പുറപ്പെടുവിച്ചു.

തുടർന്ന് 16/11/2018 ൽ കൂടിയ ഉന്നതതല സമിതി, വൻകിട വ്യവസായങ്ങളുടെ കേന്ദ്ര ജോയിൻറ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര/കേരള സർക്കാറുകളുടെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് കരട് ധാരണപത്രം ഒപ്പിട്ട് കേന്ദ്ര സർക്കാറിൻെറ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും, 30/9/2018 ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അന്തിമവില നിശ്ചയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിൻെറ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിൻെറ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ സെക്രട്ടറിതല ചർച്ചകൾ പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | **ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്**<br><br>കേരളാ ഇലക്ട്രിക്കൽ ആൻഡ് ആലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കത്സ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd.) എന്ന കമ്പനിയിലെ ഭെല്ലിൻെറ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനു ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12.06.2017 നു ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിക്കുകയും, തുടർനടപടികൾ പൂർത്തിയാക്കി സർക്കാർ ഉത്തരവും (G.O.(Ms)No.78/19/ID dated 07.09.2019) പുറപ്പെടുവിച്ചിട്ടുണ്ട്. ബി.എച്ച്.ഇ.എൽ ൽ നിന്നും സൗകര്യപ്രദമായ ഒരു തീയതി കിട്ടിയാൽ കേരള സർക്കാരും ബി.എച്ച്.ഇ.എൽ മായി കരാർ ഒപ്പ വെയ്ക്കാവുന്നതാണ്.<br><br>**ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ)**<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻെറ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയാണ് കേരളത്തിൽ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ).<br><br>എച്ച്.എൻ.എൽ-നെ സ്വകാര്യവത്ക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്വകാര്യവത്കരിക്കാനുള്ള സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവം മൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിൻെറ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ നിലവിൽ എച്ച്എൻ.എൽ-ൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്ത് ഒഫിഷ്യൽ ലിക്വിഡേറ്ററേ നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്പനി ലോ ട്രിബ്യൂണൽ, കൊച്ചി ശാഖയിൽ എച്ച്.എൻ.എൽ-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സർക്കാരും കേസ് ഫയൽ ചെയ്തു. നയപരമായ തീരുമാനം എടുക്കുന്നതിനുള്ള സമയം 08-11-2019 വരെ നീട്ടി വാങ്ങിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടികളെപ്പറ്റി ആലോചന തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ